# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4158

13-12-2018-ലെ മറുപടിയ്ക്ക്

### സാലറി ചലഞ്ച്

| ചോദ്യം<br>ശ്രീ.എ.പി. അനിൽ കുമാർ | മറുപടി<br>ഡോ. ടി. എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പുമന്ത്രി |
|---|---|
| എ) സാലറി ചലഞ്ചുമായി ബന്ധപ്പെട്ട് സർക്കാർ കോടതിയിൽ കേസ് നടത്തിയ വകയിൽ എത്ര തുക ചെലവായെന്ന് വിശദമാക്കാമോ; | സാലറി ചലഞ്ചുമായി ബന്ധപ്പെട്ട് സർക്കാർ സുപ്രീംകോടതിയിൽ കേസ് ഫയൽചെയ്ത ഇനത്തിൽ ശ്രീ. ജി. പ്രകാശ്, സ്റ്റാൻഡിംഗ് കൗൺസലിന് പ്രാരംഭചെലവുകൾക്കായി 3,000/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. മലയാളപ്രമാണങ്ങൾ ഇംഗ്ലീഷ് ഭാഷയിലേക്ക് വിവർത്തനം ചെയ്യുതിന് പരിഭാഷകന് 700/- രൂപ അനുവദിച്ചിട്ടുണ്ട്. ഫീസ് സംബന്ധിച്ച ബില്ലുകൾ സ്റ്റാൻഡിംഗ് കൗൺസിലിന്റെ പക്കൽ നിന്നും ലഭ്യമായിട്ടില്ല. ബഹു.ഹൈക്കോടതി മുമ്പാകെ കേസ് നടത്തിയ വകയിൽ പ്രത്യേക ചെലവുകൾ ഒന്നും ഉണ്ടായിട്ടില്ല. |
| ബി) കോടതി വിധിയുമായി ബന്ധപ്പെട്ട് എന്തെല്ലാം മാറ്റങ്ങളാണ് സാലറി ചലഞ്ച് ഉത്തരവിൽ വരുത്തിയത് എന്ന് വ്യക്തമാക്കാമോ? | സാലറി ചലഞ്ചുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ജി.ഒ(അച്ചടി) നം.144/18/ധന തീയതി 11.09.2018 ലെ clause (10) പ്രകാരം ഒരുമാസത്തെ ശമ്പളം നൽകാൻ സാധിക്കാത്ത ജീവനക്കാർ വിസമ്മതപ്രസ്താവന നൽകണമെന്ന വ്യവസ്ഥ കോടതി സ്റ്റേ ചെയ്തു. ഇതിന്റെ വെളിച്ചത്തിൽ clause (10), clause (11) വ്യവസ്ഥകൾ റദ്ദ് ചെയ്തു കൊണ്ടും ജീവനക്കാരിൽ നിന്ന് |

| | |
|---|---|
| | സമ്മതപ്രസ്താവന വാങ്ങിക്കൊണ്ടും സാലറിചലഞ്ചിൽ ഭാഗമാകാൻ സർക്കുലർ നം.99/18/ധന തീയതി 31.10.2018 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ